**File No.DT/5422/2019-F3-Part(4)**

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 24/01/2020

DT/5422/19-F3

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ്– 2019-20 അദ്ധ്യയനവർഷത്തെ ട്രെയിനീസ് കൗൺസിൽ തെരഞ്ഞെടുപ്പ് – സംബന്ധിച്ച്.

സൂചന:- 1. ജി.ഒ (ആർ.ടി)നം.795/87/തൊഴിൽ 20.05.1987.

2. 12.011.2019–ലെ ഡി.റ്റി/5422/19–എഫ്3 നമ്പർ ചുറ്ററിയിപ്പ്.

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഏറ്റുമാന്നൂർ, തിരുവമ്പാടി എന്നീ ഐ.ടി.ഐകൾ ഒഴികെ എല്ലാ ഐ.ടി.ഐകളിലും കൊല്ലം ബി.ടി.സി -യിലും സൂചന (2) പ്രകാരം ട്രെയിനീസ് കൗൺസിൽ ഇലക്ഷൻ നടത്തിയിട്ടുണ്ട്. ഏറ്റുമാന്നൂർ, തിരുവമ്പാടി ഐ.ടി.ഐകളിൽ ഇലക്ഷൻ നടത്തുന്നതിനുള്ള സാഹചര്യം നിലവിലില്ലാ എന്ന് പ്രിൻസിപ്പാൾമാർ അറിയിച്ചതിനെ തുടർന്ന് ടി സ്ഥാപനങ്ങളിൽ ട്രെയിനീസ് കൗൺസിൽ ഇലക്ഷൻ നടത്തിയിട്ടില്ല. ഏറ്റുമാന്നൂർ, തിരുവമ്പാടി ഐ.ടി.ഐകളിലെ ട്രെയിനീസ് കൗൺസിലിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി താഴെപ്പറയും പ്രകാരം നടത്തേണ്ടതാണ്. ഇതിലേയ്ക്കായി സൂപ്പർവൈസറി തസ്തികയിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ റിട്ടേണിംഗ് ഓഫീസറായും സീനിയറായിട്ടുള്ള ഒരു ഇൻസ്ട്രക്ടറെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായും അതാത് പ്രിൻസിപ്പാൾമാർ ഉത്തരവ് മുഖേന നിയോഗിക്കേണ്ടതാണ്.

### അംഗങ്ങൾ

1. ചെയർമാൻ
2. ജനറൽ സെക്രട്ടറി
3. കൗൺസിലർ (കെ.എസ്.ഐ.റ്റി.സി)
4. മാഗസിൻ എഡിറ്റർ
5. ജനറൽ ക്യാപ്റ്റൻ (സ്പോർട്സ്)
6. സെക്രട്ടറി (കൾച്ചറൽ അഫയേഴ്സ്)

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ സംബന്ധിച്ച (പേര്, ട്രേഡ്, അഡ്മിഷൻ നമ്പർ, തെരഞ്ഞെടുക്കപ്പെട്ട സ്ഥാനം ) വിവരങ്ങളടങ്ങിയ റിപ്പോർട്ട് 15.02.2020

File No.DT/5422/2019-F3-Part(4)

വൈകുന്നേരം 5 മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേ ണ്ടതാണ്. തെരഞ്ഞെടുപ്പ് സമാധാനപരമായും സുഗമമായും നടത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പാൾമാരിൽ നിക്ഷിപ്തമായിരിക്കും. നിലവിൽ തയ്യാറാക്കിയിട്ടുള്ള വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ വേണം ഇലക്ഷൻ നടപടികൾ സ്വീകരിക്കേണ്ടത്.

| | | |
|---|---|---|
| 1 | തെരഞ്ഞെടുപ്പ് വിജ്ഞാപനം | 06.02.2020 |
| 2 | നാമനിർദ്ദേശ പത്രികാ സമർപ്പണം | 07.02.2020<br>3 മണിവരെ |
| 3 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 10.02.2020<br>3 മണിവരെ |
| 4 | സ്ഥാനാർത്ഥി പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | 10.02.2020<br>4 മണിവരെ |
| 5 | നാമനിർദ്ദേശ പത്രിക പിൻവലിക്കൽ | 11.02.2020<br>11 മണിവരെ |
| 6 | സ്ഥാനാർത്ഥി പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | 11.02.2020<br>3 മണിവരെ |
| 7 | തെരഞ്ഞെടുപ്പ് പ്രചരണം | 12.02.2020, 13.02020 |
| 8 | സ്ഥാനാർത്ഥികളുടെ പരിചയപ്പെടുത്തൽ | 14.02.2020 |
| 9 | തെരഞ്ഞെടുപ്പ് | 15.02.2020<br>9 മണി മുതൽ 1 മണിവരെ |
| 10 | വോട്ടെണ്ണൽ | 15.02.2020<br>2 മണി മുതൽ |
| 11 | ഫലപ്രഖ്യാപനം | വോട്ടെണ്ണൽ കഴിഞ്ഞ ഉടൻ |

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ് 1. പ്രിൻസിപ്പാൾ, ഐ.ടി.ഐ, ഏറ്റുമാനൂർ, തിരുവമ്പാടി.
2. ഐ.ടി. കോട്ടയം, കോഴിക്കോട്. (പ്രിൻസിപ്പാൾമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്).

**<u>2019-20 വർഷ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ തെരഞ്ഞെടുപ്പ് നടപടി</u>**

**File No.DT/5422/2019-F3-Part(4)**

**ക്രമങ്ങളുടെ ഭാഗമായി പുറപ്പെടുവിക്കുന്ന പൊതു പെരുമാറ്റ ചട്ടങ്ങൾ**

1. സ്ഥാനാർത്ഥി ആകുന്നവർക്ക് 75 % ഹാജർ ഉണ്ടായിരിക്കണം.
2. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇറക്കുന്ന തിയതി മുതൽ പെരുമാറ്റ ചട്ടം നിലവിൽ വരും.
3. ഈ കാലയളവിൽ നിലവിലുള്ള കൗൺസിലിന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് അവകാശമില്ല.
4. മാഗസിൻ പ്രസിദ്ധീകരിക്കാൻ പാടില്ല.
5. ഇലക്ഷൻ പ്രചരണം നടത്തുന്നതിന് (12.02.2020 മുതൽ 13.02.2020 വരെ) രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണിവരെ തിയറി ക്ലാസ്സുകളിൽ മാത്രം അനുവാദം നൽകുന്നതാണ്.
6. നിലവിലുള്ള ഐ.ഡി. കാർഡ് കൈവശം ഉള്ള പരിശീലനാർത്ഥികൾക്ക് മാത്രമേ കാമ്പസിൽ പ്രവേശനത്തിന് അനുവാദമുള്ളൂ. തെരഞ്ഞെടുപ്പിന്റെ തലേദിവസം (14/02/2020) പ്രചരണം അനുവദിക്കുന്നതല്ല.
7. വോട്ടർ പട്ടികയിൽ പേര് നിലവിലുള്ളവർക്ക് മാത്രമേ മത്സരിക്കുവാനും, വോട്ട് ചെയ്യുവാനും അവകാശമുള്ളൂ.
8. വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും, മാറ്റം വരുത്തുന്നതിനും, പേര് ഒഴിവാക്കുന്നതിനും ഉള്ള അവകാശം റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമാണ്.
9. സ്ഥാനാർത്ഥികൾ വ്യക്തിപരമായ ആക്ഷേപങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
10. ഇലക്ഷൻ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള നിയമാവലി ലംഘിക്കുന്നവരെ ഇലക്ഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് അയോഗ്യരാക്കുന്നതാണ്.
11. ഐ.ടി.ഐ കെട്ടിടങ്ങളിൽ/മതിൽ തുടങ്ങിയവയിൽ പോസ്റ്റർ ഒട്ടിക്കുകയോ, ചുമരെഴുത്ത് നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
12. അതാത് സ്ഥാപനങ്ങളിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്ന സ്ഥലങ്ങളിൽ കൊടിമരവും ബാനറുകളും സ്ഥാപിക്കേണ്ടതാണ്. അനുവദിക്കുന്ന സ്ഥലം സംബന്ധിച്ച് അതാത് പ്രിൻസിപ്പാൾമാർ തീരുമാനം എടുക്കേണ്ടതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന കൊടിമരങ്ങളും ബാനറുകളും 14.02.2020 വൈകുന്നേരം 3 മണിക്ക് മുൻപായി മാറ്റിയിരിക്കേണ്ടതാണ്.
13. ഇലക്ഷൻ പ്രവർത്തനങ്ങളിലും, പ്രചരണത്തിനും പൂർണ്ണ സമാധാന അന്തരീക്ഷം നിലനിൽക്കാൻ എല്ലാ ട്രെയിനികളും, സ്ഥാനാർത്ഥികളും ബാധ്യസ്ഥരാണ്.
14. പ്രാക്ടിക്കൽ ഹാളുകളിൽ യാതൊരു വിധത്തിലുള്ള പ്രചരണങ്ങളും അനുവദിക്കുന്നതല്ല.
15. ഇലക്ഷൻ സംബന്ധിച്ചുള്ള നടപടികളിൽ റിട്ടേണിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർ